വിധിക്ക് എതിരെ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) 13 വർഷത്തിലധികമായി ജോലി ഇല്ലാതെ ഇരിക്കുന്ന ഒരു ജീവനക്കാരന് എതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനുള്ള തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) ഈ കേസ്സ് നടത്തുന്നതിനുവേണ്ടി കമ്പനിക്ക് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെൽക്കിലെ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനുവേലിനെ പിരിച്ചുവിട്ട നടപടിക്കെതിരെയുണ്ടായ ഹൈക്കോടതി വിധിക്കെതിരെ കമ്പനി സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) അപ്പീൽ പിൻവലിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(സി) സുപ്രീം കോടതിയിൽ ഈ കേസ് നടത്തിപ്പിനായി കമ്പനിയ്ക്ക് നാളിതുവരെ ഏകദേശം 35,000 രൂപ ചെലവായിട്ടുണ്ട്.

34 (1260) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതിക്കായി 1995-ൽ നിർണ്ണയിച്ച കയറ്റുമതി നിരക്ക് എത്രയായിരുന്നു:

(ബി) ഈ നിരക്ക് 1997-ൽ പുതുക്കിയിട്ടുണ്ടോ;

(സി) എങ്കിൽ 1997-ൽ പുതുക്കിയ പ്രകാരമുള്ള നിരക്ക് എത്രയാണ്;

(ഡി) 1995-ലെ നിരക്കിന് കയറും കയറുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യണമെന്ന് 1999-ൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഈ നിർദ്ദേശ പ്രകാരം കയറും കയറുൽപ്പന്നങ്ങളും കയറ്റി അയയ്ക്കുന്ന പക്ഷം എന്തു നഷ്ടമുണ്ടാകുമെന്ന് അറിയിക്കുമോ;

(എഫ്) ഈ നിർദ്ദേശം റദ്ദാക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ഫലം എന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ തരം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും 1995-ൽ നിർണ്ണയിച്ച കയറ്റുമതി നിരക്ക് (മിനിമം എക്സ്പോർട്ട് പ്രൈസ്) കാണിയ്ക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

† 1&2 ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ ഇനം കയർ യാൺ, കയറുൽപ്പന്നങ്ങൾ ഇവയുടെ 1997-ൽ പുതുക്കിയ നിരക്ക് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്. കയർ യാൺ, കയറുൽപ്പന്നങ്ങൾ എന്നിവയ്ക്ക് 22.8.1997 മുതൽ പുതുക്കി നിശ്ചയിച്ച മിനിമം എക്സ്പോർട്ട് പ്രൈസ് അംഗീകരിക്കണമെന്ന കയർ ബോർഡിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാർ നിരസിച്ചിട്ടുണ്ട്. (1995-ലെ മിനിമം എക്സ്പോർട്ട് പ്രൈസാണ് 1999-ൽ പുനഃസ്ഥാപിച്ചത്. ഈ തറവിലയിൽ നിന്നും എത്ര കൂട്ടി വേണമെങ്കിലും കയറ്റുമതി ചെയ്യുന്നതിന് നിയമപ്രകാരം തടസ്സമില്ല. എന്നാൽ ഈ വിലയിൽ നിന്നും കുറച്ച് കയറ്റുമതി ചെയ്യാൻ പാടില്ലായെന്നേ നിയമം അനുശാസിക്കുന്നുള്ളൂ.)

(ഇ) പ്രതിവർഷം 26 കോടി രൂപയുടെ നഷ്ടം വിദേശ നാണ്യയിനത്തിൽ സംഭവിക്കാൻ ഇടയുണ്ടാകുമെന്നാണ് ഏകദേശ കണക്ക്.

(എഫ്) ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി വരികയാണ്.

35 (1261) കയർ വ്യവസായ രംഗത്തെ പ്രതിസന്ധി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിലെ മാന്ദ്യം കാരണം പ്രതിസന്ധിയിലായിട്ടുള്ള സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളേയും ചെറുകിട കയർ ഉൽപാദകരേയും സഹായിക്കണമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രതിസന്ധി നേരിടുന്ന കയർ സഹകരണ സംഘങ്ങളേയും ചെറുകിട ഉൽപാദകരേയും സഹായിക്കുന്നതിനുള്ള പുനരുദ്ധാരണ പദ്ധതിയിലൂടെ കയർ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പുനരുദ്ധാരണ പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പുനരുദ്ധാരണ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തു തുകയുടെ സാമ്പത്തിക സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly